പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2018 — 15.07.2016 ന് മറുപടിയ്ക്ക്.

## ചെങ്ങന്നൂർ താലൂക്കിലെ ഐ ടി ഐകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചെങ്ങന്നൂർ താലൂക്കിലെ ഗവ.ഐ.ടി.ഐ, വനിതാ ഐ.ടി.ഐ എന്നീ സ്ഥാപനങ്ങളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; | (എ) ചെങ്ങന്നൂർ താലൂക്കിലെ ഗവ.ഐ.ടി.ഐ, വനിതാ ഐ.ടി.ഐ എന്നീ സ്ഥാപനങ്ങളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ അവസ്ഥ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ വിശദീകരിക്കുമോ; | (ബി) ചെങ്ങന്നൂർ വനിത ഐ.ടി.ഐ.യിൽ 25 വർഷം പഴക്കമുള്ള ഒരു കെട്ടിടത്തിന്റെ റീ-വയറിംഗ് ജോലികൾ നടന്നുവരുന്നു. പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മേൽ സൂചിപ്പിച്ച ഐ.ടി.ഐ. കളിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) അപായ സാദ്ധ്യതയുള്ള കെട്ടിടങ്ങൾ നീക്കം ചെയ്യുന്ന തരത്തിലുള്ള തീരുമാനം നിലവിലുണ്ടോ; | (സി) ചെങ്ങന്നൂർ വനിത ഐ.ടി.ഐ.യിൽ കാറ്റിൽ തകർന്ന് അപകടമുണ്ടായ ട്രസ്സ് വർക്ക് ചെയ്ത ഭാഗത്തെ അറ്റകുറ്റപ്പണികൾക്കും അപകടാവസ്ഥ നിലനിൽക്കുന്ന ഭാഗം നീക്കം ചെയ്യുന്നതിനും നടപടികൾക്കായി പി.ഡബ്ല്യു.ഡി.യ്ക്ക് ശിപാർശ നൽകിയിട്ടുണ്ട്. ചെങ്ങന്നൂർ ഐ.ടി.ഐ.യിലെ അപകടാവസ്ഥയിലായ ഹോസ്റ്റൽ കെട്ടിടം മെയിന്റനൻസ് നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |

Bindu

സെക്ഷൻ ഓഫീസർ